കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കൽ കേന്ദ്രം - ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.4106/08/തസ്വഭവ. തിരുവനന്തപുരം, തീയതി 22-11-2008

---

പരാമർശം:- 1. കേരള സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറിയുടെ 3/12/2007-ലെ അഡോപ്പ്/4414/2007/കേ.സം.ശി.ക്ഷേ.സ.നമ്പർ കത്ത്.

2. 3/4/2008-ലെ ശിശുക്ഷേമ ഭവൻ കാഞ്ഞിരപ്പള്ളി മാനേജിംഗ് ട്രസ്റ്റിയുടെ കത്ത്.

3. ജനന മരണ ചീഫ് രജിസ്ട്രാറുടെ 18/9/2008-ലെ ബി.1-27741/08 നമ്പർ കത്തും 27/9/2008-ലെ B1-11961/08 നമ്പർ കത്തും

4. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 10/11/2008-ലെ AC-2966/08 പ്രകാരമുള്ള റിപ്പോർട്ട്.

<u>ഉത്തരവ്</u>

1. നിലവിലുള്ള ശിശുസംരക്ഷണ പദ്ധതിയിൽ സമഗ്രവും സമ്പൂർണ്ണവുമായ പദ്ധതിയാണ് ദത്ത് നൽകൽ. കുടുംബാംഗങ്ങളിൽ നിന്നുള്ള ദത്തെടുക്കലിന് ആവശ്യമായ നിയമ വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും അനാഥർ/ഉപേക്ഷിക്കപ്പെട്ടവർ/നിരാലംബർ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ ദത്ത് നൽകുന്നതിനും ജാതിമത ഭേദമന്യേ ദത്ത് സ്വീകരിക്കുന്നതിനും വ്യക്തമായ നിയമം ഉണ്ടായത് 2000-ലെ ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടും, 2006-ലെ ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) അമന്റ്മെന്റ് ആക്ടും വന്നതിന് ശേഷമാണ്. ഈ ആക്ട് നിലവിൽ വരുന്നതിന് മുമ്പ് ഹിന്ദു അഡോപഷൻ ആക്ട് പ്രകാരം ഹിന്ദുക്കളും ഗാർഡിയൻ ആന്റ് വാർഡ് ആക്ട് പ്രകാരം മറ്റ് മതസ്ഥരും അഡോപ്ഷൻ/ഗാർഡിയൻ ഷിപ്പ് സ്വീകരിച്ചിരുന്നു. ഇത്തരം കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമത്തിലെ അവ്യക്തതകൾ മൂലം ധാരാളം കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ധാരാളം കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിനും വിഷമതകൾ അനുഭവിച്ചുവരുന്നു. കൂടാതെ നിലവിൽ അംഗീകൃത പ്ലെയ്സ്മെന്റ് ഏജൻസികളിലും ഇതര ശിശുപരിപാലന സ്ഥാപനങ്ങളിലും കഴിഞ്ഞുവരുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലായെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനനം കഴിഞ്ഞാലുടൻ കുട്ടിയുടെ ജനനം ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടു കിട്ടേണ്ടത് കുട്ടിയുടെ പ്രാഥമിക അവകാശമായി, ഇന്ത്യ അംഗീകരിച്ച ഐക്യരാഷ്ട്രസഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടി ആർട്ടിക്കിൾ 7-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലിരിക്കുന്നനടപടിക്രമങ്ങളുടെ സങ്കീർണ്ണത നിമിത്തം ദത്തെടുക്കപ്പെട്ടിട്ടുള്ളതും, ദത്തെടുക്കലിന് വേണ്ടി വിവിധ സ്ഥാപനങ്ങളിൽ കഴിയുന്നതുമായ സംരക്ഷിക്കാൻ ആരുമില്ലാത്ത ഓർഫൻ ആയിട്ടുള്ള കുട്ടികൾ, വഴികളിലും പൊതുസ്ഥലത്തും ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണുന്ന കുട്ടികൾ, വിവിധ സാമൂഹ്യപരമായ കാരണങ്ങളാൽ മാതാപിതാക്കൾ സറണ്ടർ ചെയ്യുന്ന കുട്ടികൾ എന്നിവരുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു.

2. ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെയും ജനനം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പരാമർശം മൂന്ന് പ്രകാരം ജനന മരണ ചീഫ് രജിസ്ട്രാർ കൂടിയായ പഞ്ചായത്ത് ഡയറക്ടറും വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കയുണ്ടായി. സൂചന 4 പ്രകാരം സംസ്ഥാന അഡോപ്ഷൻ സെല്ലിന്റെ അഭിപ്രായം സാമൂഹ്യക്ഷേമ ഡയറക്ടറും സമർപ്പിക്കുകയുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4. അംഗീകൃത അഡോപ്ഷൻപ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടിയെ ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ പറയുന്ന ജനന തീയതി, രജിസ്ട്രാർ അംഗീകരിച്ച് ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഇത്തരം കേസുകളിൽ ഡി.എം.ഒയുടെ സർട്ടിഫിക്കറ്റ് ആവശ്യപ്പെടേണ്ടതില്ല. ഇത്തരം കേസുകളിൽ ഒരു ജൂഡീഷ്യൽ കോടതിയുടെ ഉത്തരവ് ഉള്ളതിനാൽ ആർ.ഡി.ഒയുടെ അനുവാദവും ആവശ്യപ്പെടാൻ പാടില്ല.

5. ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതലക്കാർ കുഞ്ഞുങ്ങളെ ലഭ്യമായാൽ ഉടൻതന്നെ ജനനം രജിസ്റ്റർചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം കുട്ടികളുടെകേസുകളിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സമർപ്പിക്കുന്ന ജനന തീയതി സംബന്ധിച്ച സത്യവാങ്മൂലം-നോട്ടറി/ഗസ്റ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ - സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ജനനം രജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ്.

6. ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ ലഭിക്കുന്ന കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുമ്പോൾ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്താവുന്നതാണ്. മാതാപിതാക്കളുടെ പേര്, വിലാസം എന്നീ കോളങ്ങളിൽ ഒന്നുംരേഖപ്പെടുത്തേണ്ടതില്ല.

7. കുട്ടിയെ ദത്തെടുത്തശേഷം ജനന രജിസ്റ്ററിൽ ദത്തെടുത്ത മാതാപിതാക്കളുടെ പേര് ചേർത്തും ആവശ്യമെങ്കിൽ അപേക്ഷ പ്രകാരം കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

8. ജനന സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം നടപടിക്രമങ്ങൾ പാലിച്ച് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട രജിസ്ട്രാർ വിതരണം ചെയ്യിരിക്കേണ്ടതാണ്.

ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ